ഹദീസ്

എം.എസ്.എ റസാഖ്

# സ്ത്രീകളെ ആദരിക്കുക

عن أبي هريرة (ر) قال: قال رَسُولُ اللهِ ﷺ:اسْتَوْصَوْا بِالنِّسَاءِ خَيْرًا، فَإِنَّهُنَّ خُلِقْنَ مِنْ ضِلَعٍ، وَإِنَّ أَعْوَجَ شَيْءٍ فِي الضِّلَعِ أَعْلَاهُ، فَإِنْ ذَهَبْتَ تُقِيمُهُ كَسَرْتَهُ، وَإِنْ تَرَكْتَهُ لَمْ يَزَلْ أَعْوَجَ، فَاسْتَوْصَوْا بِالنِّسَاءِ خَيْرًا

**അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു: നബി(സ) നിർദേശിച്ചിരിക്കുന്നു; "സ്ത്രീകളോട് നല്ല നിലയിൽ പെരുമാറണമെന്ന ഉപദേശം നിങ്ങൾ സ്വീകരിക്കുക. വാരിയെല്ലു കൊണ്ടാണ് അവൾ സൃഷ്ടിക്കപ്പെട്ടത്. ഏറ്റം വളവുള്ള വാരിയെല്ല് മുകളിലേതാണ്. നീ അത് നിവർത്താൻ ശ്രമിച്ചാൽ അത് പൊട്ടിച്ചുകളയലായിരിക്കും ഫലം. ഒന്നും ചെയ്യാതെ വിട്ടാൽ പ്രകൃത്യാ ഉള്ള വളവ് തുടരുകയും ചെയ്യും. അതിനാൽ സ്ത്രീകളോട് നല്ല നിലയിൽ പെരുമാറാനുള്ള ഉപദേശം നിങ്ങൾ സ്വീകരിക്കുക" (ബുഖാരി–മുസ്‌ലിം).**

സ്ത്രീകളോടുള്ള പെരുമാറ്റത്തിന്റെ രീതിശാസ്ത്രം പഠിപ്പിക്കുകയാണ് നബി(സ) ഈ ഹദീസിലൂടെ. സ്വതന്ത്ര വ്യക്തിത്വവും അസ്തിത്വവും സ്ത്രീകൾക്കുണ്ട്. മനുഷ്യവർഗം നിലനിൽക്കുന്നതിന് സ്ത്രീകൾ അനിവാര്യ ഘടകമാണ്. സമൂഹനിർമിതിയിൽ പുരുഷന്റെ സഹകാരിയും പങ്കാളിയുമാണ് സ്ത്രീകൾ. ''സ്ത്രീകൾ പുരുഷന്മാരുടെ അർധാംശമാകുന്നു'' (തുർമുദി, അഹ്മദ്) എന്ന് നബി പറഞ്ഞിട്ടുണ്ട്. മാതാവ്, പുത്രി, സഹോദരി, ഭാര്യ എന്നീ നിലകളിൽ സ്ത്രീകൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്. മാതാവെന്ന നിലയിൽ സ്ത്രീകൾ ബഹുമാനാദവുകൾക്കും കാരുണ്യത്തിനും അർഹരാകുന്നു. പുത്രിയും സഹോദരിയും എന്ന നിലയിൽ സ്നേഹവാത്സല്യത്തിനും പരിചരണത്തിനും അർഹയാകുന്നു. ജീവിത സഖിയും സഹധർമിണിയും എന്ന നിലയിൽ സ്ത്രീ പരസ്പരം സഹകാരിയും അത്താണിയും താങ്ങും തണലുമാകുന്നു. ഈ പദവികളിലെല്ലാം സ്ത്രീകൾ അംഗീകാരവും ആദരവും അർഹിക്കുന്നു. യാതൊരു നിലയിലും അവൾ അവമതിക്കപ്പെടുകയോ പീഡിപ്പിക്കപ്പെടുകയോ ചെയ്യരുത്. ഇതാണ് ഓരോ പുരുഷനോടും ഇസ്‌ലാം ആവശ്യപ്പെടുന്നത്.

സ്ത്രീകൾ പുരുഷന്റെ കേവലം ഉപഭോഗ വസ്തുവും സന്താനോൽപാദന ഫാക്ടറിയുമാണെന്ന തോന്നലിൽ നിന്നാണ് അവളോട് എങ്ങനെയും പെരുമാറാമെന്നും അപമാനിക്കാമെന്നും പുരുഷൻ വിചാരിക്കുന്നത്. സ്ത്രീ സമൂഹത്തോട് ഉദാത്തമായ സമീപനം പുരുഷൻ സ്വീകരിക്കേണ്ടിയിരിക്കുന്നു. ഇതാണ് ഹദീസിന്റെ ആദ്യഭാഗത്ത് പറയുന്നത്.

തുടർന്ന് സ്ത്രൈണ പ്രകൃതത്തിന്റെ സവിശേഷത വിവരിക്കുന്നു നബി(സ). സ്ത്രൈണ പ്രകൃതത്തിന്റെ ആലങ്കാരിക പ്രയോഗമാണ് വളവുള്ള വാരിയെല്ലുകൾ എന്നത്. ആർദ്രഭാവം, സൗമ്യത, സരളഭാവം, കനിവ്, വാത്സല്യം, ദയ, കരുണാർദ്രമനസ്സ് ഇതെല്ലാം സ്ത്രീപ്രകൃതത്തിൽ അന്തർഭവിച്ചിരിക്കുന്നു. ഈ പ്രകൃതം പരിഗണിച്ചാവണം അവരോട് സഹവർത്തിക്കേണ്ടത്. സ്ത്രീ-പുരുഷബന്ധത്തിന്റെ മനഃശാസ്ത്രപരമായ മാനവും വൈകാരിക ബന്ധവും ഇതിൽനിന്നും വായിച്ചെടുക്കാം.

ഇമാം ഖസ്ത്വല്ലാനി എഴുതുന്നു: ''സ്ത്രീകളുടെ മാനസികാവസ്ഥ പരിഗണിച്ചുകൊണ്ട് അതിനനുസൃതമായി അവളോട് പെരുമാറണമെന്ന് ഈ ഹദീസ് പഠിപ്പിക്കുന്നു. സ്ത്രീകളിൽ നിന്നുണ്ടാവുന്ന അപാകതകൾ വിട്ടുവീഴ്ചാ മനോഭാവത്തോടെയും ക്ഷമയോടെയും നയചാതുരിയോടെയും കൈകാര്യം ചെയ്യുക. അവരുടെ സ്വത്വപ്രകൃതിയെ മാറ്റിപ്പണിയുവാൻ ശ്രമിക്കരുത്. അതിന് ശ്രമിച്ചാൽ അവരിൽ നിന്നുള്ള പ്രയോജനം വിനഷ്ടമാകും. സ്ത്രീകളെക്കൂടാതെ മനുഷ്യവർഗത്തിന് ജീവിതം അസാധ്യമാണ്. അവൾ ജീവിത സഖിയും സാന്ത്വനമേകുന്നവളുമാകുന്നു.''

സ്ത്രീയുടെയും പുരുഷന്റെയും ശരീരപ്രകൃതിയുടെ പ്രത്യേകതകളാണ് നബി ഉദാഹരണത്തിലൂടെ വിശദീകരിക്കുന്നത്. സ്ത്രൈണതയാണവൾക്ക് സൗന്ദര്യം നൽകുന്നത്. പൊതുവിൽ പുരുഷന്റെ ശരീരഘടനയിൽ വ്യത്യാസമുള്ളതോടൊപ്പം തന്നെ, പുരുഷന്റെ ശരീരം സ്ത്രീകളുടേതിനേക്കാൾ ശക്തിയുള്ളതും ഉറച്ചതുമാണ്. സ്ത്രീകളുടെ ശരീരമാകട്ടെ മാർദവമുള്ളതുമാകുന്നു. ഇരുവരുടെയും ഓരോ സെല്ലിലും സ്ത്രീ-പുരുഷ വൈജാത്യം പ്രകടമാണെന്ന് വൈദ്യശാസ്ത്രം തെളിയിക്കുന്നു. അതിനാൽ അവർക്ക് നിർവഹിക്കാനുള്ള ദൗത്യവും വ്യത്യസ്തമാണ്. ഒരു മഹദ് വചനം (അഥർ) ഇങ്ങനെ വായിക്കാം: 'നിങ്ങൾ സ്ത്രീകളോട് മാന്യമായി പെരുമാറുക. മാന്യന്മാർ മാത്രമേ സ്ത്രീകളോട് മാന്യമായി പെരുമാറുകയുള്ളൂ. ആക്ഷേപകൻ മാത്രമേ സ്ത്രീകളോട് അപമര്യാദയായി പെരുമാറുകയുള്ളൂ' (നാബുലിസ്). നബി(സ) അരുൾ ചെയ്തു: ''സത്യവിശ്വാസികളിൽ ഈമാനികമായി പൂർണൻ അവരിൽ ഉത്തമ സ്വഭാവമുള്ളവരാണ്. നിങ്ങളിൽ ഉത്തമർ തങ്ങളുടെ സ്ത്രീകളോട് നല്ലനിലയിൽ പെരുമാറുന്നവരാകുന്നു'' (തുർമുദി, ഇബ്നുമാജഃ). ജാബിർ(റ)ൽ നിന്നും ഉദ്ധരിക്കുന്നു; നബി(സ) അറഫാ പ്രസംഗത്തിൽ പറഞ്ഞു: ''സ്ത്രീകളുടെ കാര്യത്തിൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. നിങ്ങൾ അവരിൽനിന്ന് സ്വീകരിച്ചിട്ടുള്ളത് അമാനത്താകുന്നു'' (ബൈഹഖി). സ്ത്രീകളെ പരിഗണിക്കുകയും ആദരിക്കുകയും അർഹമായ നിലയിൽ അംഗീകരിക്കുകയും സംരക്ഷണമേകുകയും അവരോട് നല്ലനിലയിൽ പെരുമാറുകയും ചെയ്യുകയെന്നത് തഖ്‌വയുടെയും ദൈവാനുസരണത്തിന്റെയും പരിധിയിൽ വരുന്നതാണ്. ''സ്ത്രീകളുമായി എങ്ങനെ ഇടപെടണം എന്നതിനെക്കുറിച്ച് പരുഷന്മാർക്കുള്ള ശിക്ഷണ നിർദേശങ്ങളാണ് ഉദ്യുക്ത ഹദീസ് പഠിപ്പിക്കുന്നത്. സ്ത്രീകളെ കൈകാര്യം ചെയ്യുമ്പോൾ പാരുഷ്യവും കടുപ്പവും പാടില്ലെന്ന് പുരുഷന്മാരെ ഉപദേശിക്കുകയാണ് നബി(സ). സ്ത്രീകളോട് നല്ലനിലയിൽ പെരുമാറുകയെന്നാണീ ഹദീസിന്റെ വിവക്ഷ'' (തഫ്സീർ മനാർ). ''സ്ത്രീയുടെ പ്രകൃതവും മാനസികാവസ്ഥയും ചിത്രീകരിക്കുക മാത്രമാണ് ഈ ഹദീസിന്റെ ഉദ്ദേശ്യം. സാമൂഹികവും ധാർമികവുമായ ഉപദേശ നിർദേശങ്ങളാണ് ഈ നബിവചനത്തിന്റെ അന്തസത്ത. അതൊരിക്കലും ജീവശാസ്ത്ര വിജ്ഞാനീയവുമായി ബന്ധപ്പെട്ടതല്ല. ഒരേ ഉമ്മയിൽ നിന്നാണ് സ്ത്രീപുരുഷന്മാർ ഉണ്ടായിട്ടുള്ളത്'' (സ്ത്രീ ഖുർആനിലും മുസ്‌ലിം ജീവിതത്തിലും-റാശിദുൽ ഗനൂശി). സ്ത്രീകളോട് മാന്യമായി പെരുമാറുന്നത് ഓരോ വ്യക്തിയും സമൂഹവും പ്രതിനിധാനം ചെയ്യുന്ന സംസ്കാരത്തിന്റെ പ്രതിഫലനമാകുന്നു. സമകാലിക ലോകപശ്ചാത്തലത്തിൽ ഏറെ പ്രസക്തമാണ് നബി(സ)യുടെ ഈ ഉപദേശം. ●